## കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് - ഡോ.എം.എസ് മിനിയുടെ ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിലേക്കുള്ള റൊട്ടേഷൻ നിയമനം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

**സ.ഉ.(സാധാ)/1185/2017/തൊഴിൽ** തിരുവനന്തപുരം, തീയതി.31/08/2017

പരാമർശം- 1)14.07.2017 ലെ സ. ഉ (സാധാ) നം. 908/2017/തൊഴിൽ.
2)ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ 31.07.2017, 19.08.2017 തീയതികളിലെ ഇ1-10407/2017/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.
3)06.08.2017 ലെ സ. ഉ (സാധാ) നം. 1025/2017/തൊഴിൽ.

### ***ഉത്തരവ്***

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന് കീഴിലുള്ള ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള സി.റ്റി സ്കാനർ പ്രവർത്തിപ്പിക്കുന്നതിനായി വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരായ (റേഡിയോളജിസ്റ്റുമാരായ) ഡോ.കെ.വസന്ത, ഡോ.വി.സീമ, ഡോ.എം.എസ്.മിനി എന്നിവരെ താഴെ പറയും പ്രകാരം റൊട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

| | | |
|---|---|---|
| 1 | ഡോ .വി. സീമ , ഇ.എസ്.ഐ ആശുപത്രി ,പേരൂർക്കട | ആഗസ്റ്റ് 1 മുതൽ 31 വരെ |
| 2 | ഡോ.എം.എസ്.മിനി, ഇ.എസ്.ഐ ആശുപത്രി , പേരൂർക്കട | സെപ്റ്റംബർ 1 മുതൽ 30 വരെ |
| 3 | ഡോ.കെ.വസന്ത, ഇ.എസ്.ഐ ആശുപത്രി , ഏനാത്ത് | ഒക്ടോബർ 1 മുതൽ 31 വരെ |

2) സർവീസ് കാട്ടയിൽ പി.ജി ബിരുദം നേടിയ പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ ഡോ.വി.സീമ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിൽക്കുകയും ഗുരുതരമായ അച്ചടക്ക രാഹിത്യവും ചട്ടലംഘനവും നടത്തിയതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ടി വ്യക്തിയെ അന്വേഷണ വിധേയമായി സർവീസിൽ നിന്ന് സസ്പെന്റ് ചെയ്ത് പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) ഡോ.വി.സീമ പേരൂർക്കടയിൽ ജോലി ചെയ്യുകയാണെങ്കിൽ ഒരോ മാസം വീതം ഡോ.എം.എസ് മിനിയെ ഫറോക്കിലേക്ക് ഡെപ്യൂട്ട് ചെയ്യാമായിരുന്നുവെന്നും എന്നാൽ ഡോ.വി.സീമയെ അനധികൃത ഹാജരില്ലായ്മയെത്തുടർന്ന് സസ്പെന്റ് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഡോ.എം.എസ് മിനിയെ ഫറോക്കിലേക്ക് ഡെപ്യൂട്ട് ചെയ്താൽ പേരൂർക്കട ആശുപത്രിയിൽ റേഡിയോളജിസ്റ്റുമാരില്ലാതാവും. തന്മൂലം പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ റേഡിയോളജി വകുപ്പിന്റെ പ്രവർത്തനം തടസപ്പെടുമെന്നും പരാമർശം 2 പ്രകാരം ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റേഡിയോളജിസ്റ്റിന്റെ

അഭാവത്തിൽ ഗൈനക്കോളജി വിഭാഗത്തിന് പ്രസവ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ ബുദ്ധിമുട്ടുണ്ടാകുമെന്നും രോഗികളെ മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യേണ്ടതായി വരുമെന്നും ഇത് പേരൂർക്കട ആശുപത്രിയുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നും ടി ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ.എം.എസ് മിനിയെ ഫറോക്ക് ആശുപത്രിയിലേക്ക് ഡപ്യൂട്ട് ചെയ്താൽ പേരൂർക്കട ആശുപത്രിയിൽ വളരെ നല്ല രീതിയിൽ ഉടർന്നുവരുന്ന റേഡിയോളജി ഡിപ്പാർട്ട്മെന്റിന്റെ സേവനം തടസ്സപ്പെടുമെന്നും അത് വകുപ്പിനെയും ഐ.പികളെയും ദോഷകരമായി ബാധിക്കും എന്നതിനാൽ ഇനിയൊരുത്തരവ് പുറപ്പെടുവിക്കുന്നതുവരെ ഡോ.എം.എസ്. മിനിയുടെ മാത്രം ഫറോക്ക് ആശുപത്രിയിലേക്കുള്ള റൊട്ടേഷൻ നിയമനം റദ്ദാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടോം ജോസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ്,തിരുവനന്തപുരം.

ഡോ.എം.എസ്.മിനി, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ/ ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

**<u>മേലെഴുത്ത് കത്ത് നം.ഇ1-10407/2017/ഡി.ഐ.എം.എസ് തീയതി 13.09.2017</u>**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണ മേഖല, കൊല്ലം / മധ്യ മേഖല, എറണാകുളം / ഉത്തര മേഖല, കോഴിക്കോട്.
2. സൂപ്രണ്ട്, ഇ.എസ്.ഐ.ആശുപത്രി, പേരൂർക്കട/ഫറോക്ക്.
3. ഫയൽ/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്

TKJ-14.09.2017/